"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ് -നിലവിൽ ചെമ്മീൻ/മത്സ്യവാറ്റ് നടത്തുന്ന പാടശേഖരങ്ങളിലെ ഫിൽട്രേഷൻ കാലയളവ് 2024 ഏപ്രിൽ 30 വരെ നീട്ടി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ(സി)വകുപ്പ്**

സ.ഉ.(സാധാ) നം.201/2024/F&P തീയതി,തിരുവനന്തപുരം, 04-04-2024

---

പരാമർശം:-

1. സ.ഉ.(സാധാ) നം.202/2020/മ.തു.വ. തീയതി, 31.03.2020
2. സ.ഉ.(സാധാ) നം.238/2022/മ.തു.വ. തീയതി, 11.04.2022
3. സ.ഉ.(സാധാ) നം.311/2023/മ.തു.വ. തീയതി, 13.04.2023
4. ഫിഷറീസ് ഡയറക്ടറുടെ 16.03.2024 തീയതിയിലെ ഡി.എഫ്.ടി.വി.എം/2746/2020-സി1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാലാവസ്ഥ വ്യതിയാനം മൂലം മത്സ്യങ്ങളുടെ പ്രജനനത്തിൽ മാറ്റങ്ങൾ സംഭവിക്കുന്നതിനാലും, മുൻ വർഷങ്ങളിലും ഇത്തരം സാഹചര്യങ്ങൾ ഉണ്ടാവുകയും മത്സ്യ കർഷകർക്ക് അനുകൂലമായ നടപടി ഉണ്ടാവുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ മത്സ്യ കർഷകർക്ക് ഉപകരിക്കും വിധം ചെമ്മീൻ / മത്സ്യ വാറ്റ് നടത്തുന്ന പാടശേഖരങ്ങളിലെ ഫിൽട്രേഷൻ കാലയളവ് 2024 ഏപ്രിൽ 14 എന്നത് ഏപ്രിൽ 30 വരെയായി ദീർഘിപ്പിച്ചു നൽകി ഉത്തരവാകണമെന്ന് ഫിഷറീസ് ഡയറക്ടർ മേൽ പരാമർശ പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാലാവസ്ഥാ മാറ്റങ്ങൾ മൂലം മത്സ്യങ്ങളുടെ പ്രജനനത്തിൽ മാറ്റങ്ങൾ സംഭവിക്കുന്നതിനാലും മുൻ വർഷങ്ങളിലും ഇത്തരം സാഹചര്യങ്ങൾ ഉണ്ടാവുകയും മത്സ്യ കർഷകർക്ക് അനുകൂലമായ നടപടി ഉണ്ടായത് പരിഗണിച്ചും നിലവിലുള്ള ചെമ്മീൻ മത്സ്യവാറ്റ് നടത്തുന്ന പാടശേഖരങ്ങളിലെ ഫിൽട്രേഷൻ കാലയളവ് 2024 ഏപ്രിൽ 30 വരെ നീട്ടി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K S SRINIVAS
പ്രിൻസിപ്പൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/ഓഡിറ്റ്),കേരള,തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ

സ.ഉ.(സാധാ) നം.201/2024/F&P

പ്രസിദ്ധീകരിക്കുന്നതിനായി
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ